POLICE DEPARTMENT
KERALA

**No. G-5550/2024/PTC**
Police Training College,
Thiruvananthapuram
🖂principalptc.pol@kerala.gov.in
📞04712323229
Dated. 17-02-2025

# ലേലപ്പരസ്യം

പോലീസ് ട്രെയിനിംഗ് കോളേജ് കോംബൌണ്ടിനുള്ളിൽ ടൂവീലർ പാർക്കിംഗ് എരിയക്ക് അടുത്ത് കേടുവന്ന് അപകടസ്ഥിതിയിൽ നിൽക്കുന്ന **03 തേക്കുമരങ്ങളും** ഫാമിലി ക്വാർട്ടേഴ്സ് പരിസരത്ത് വേരുകൾ ദ്രവിച്ച് അപകടാവസ്ഥയിൽ നിൽക്കുന്ന **പുളിമരവും** മുറിച്ച് മാറ്റുന്നതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം ൽ നിന്നും അനുമതി ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ ടി മരങ്ങളുടെ ലേലം **22/02/2025 തീയതി രാവിലെ 11 മണിക്ക്** പോലീസ് ട്രെയിനിംഗ് കോളേജ് പരിസരത്ത് വച്ച് നടത്തുന്നതാണ്.

ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11 മണിക്ക് മുൻപായി നിരതദ്രവ്യമായി 2954/- രൂപ (രണ്ടായിരത്തി തൊള്ളായിരത്തി അൻപത്തിനാല് രൂപ മാത്രം) ലേലസ്ഥലത്ത് ഒടുക്കി രസീത് വങ്ങേണ്ടതാണ്. കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്. അതിനുശേഷം നിരതദ്രവ്യം കഴിച്ച് ലേലസംഖ്യയും ലേലതുകയുടെ 5 ശതമാനം വനവികസന നികുതിയും ലേലതുകയും വനവികസന നികുതിയും ചേർത്തുള്ള തുകയുടെ 18 ശതമാനം GST യും മറ്റ് നികുതികളും ലേലം കൊള്ളുന്നയാൾ ഒടുക്കേണ്ടതാണ്.

വനവികസന നികുതിയായി കണക്കാക്കപ്പെടുന്ന തുക **"0406-01-101-96-00-00-FDT"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ രസീത് ഹാജരാക്കേണ്ടതാണ്. ടി രസീത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരത്തിന് അയച്ചു കൊടുക്കുന്നതാണ്. ടി കാര്യാലയത്തിൽ നിന്നും ലേലം സ്ഥിരപ്പെടുത്തി കൊണ്ടുള്ള ഉത്തരവ് കിട്ടിയ ശേഷം 10 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ നിന്നും മരങ്ങൾ മുറിച്ച് മാറ്റാൻ നിർദ്ദേശം നൽകുന്ന മുറക്ക് ലേലം കൊണ്ടയാൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ടി മരങ്ങൾ മുറിച്ചുകൊണ്ട് പോകേണ്ടതും, മറ്റു മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ്. അങ്ങനെ സംഭവിച്ചാൻ അതിനുള്ള നഷ്ടം ലേലംകൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതായിരിക്കും. ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ടയാൾ നികുതികൾ ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻതുകയും സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും, ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിനുണ്ടായേക്കാവുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, പുനർലേലത്തിൽ കൂടുതലായി ലേലത്തുക ലഭിക്കുകയാണെങ്കിൽ ടി അധികതുകയിൽ മുൻലേലം കൊണ്ടയാളിന് യാതൊരു വിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേലദിവസത്തിന് മുൻപ്പുള്ള പ്രവർത്തിദിവസങ്ങളിൽ രാവിലേ 11.00 നും വൈകിട്ട് 4.00 നും ഇടയിലുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ലേലം ചെയ്യാനുള്ള മരങ്ങൾ പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻപ്പാളിൽ നിക്ഷിപ്തമായിരിക്കും, ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും.

BIJOY P IPS
Principal

| | | |
|---|---|---|
| To | : | ബോർഡ് അംഗങ്ങളുടെ അറിവിലേക്കും അനന്തര നടപടിക്കുമായി. |
| Copy To | : | 1) ജില്ലാ ഇൻഫൊർമേഷൻ ഓഫീസർ, തിരുവനന്തപുരത്തിന് പത്ര പരസ്യം ചെയ്യുന്നതിനായി. 2) ലിസ്റ്റ് ബിയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി 3) കാഷ്യർ, പോലീസ് ട്രെയിനിംഗ് കോളേജിൻറെ അറിവ്ലേക്കും തുടർ നടപടിക്കുമായി |

Internal Administrative Processing System
iAPS
KERALA POLICE